## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5544      04.07.2013 -ൽ മറുപടിക്ക്.

### വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാരുടെ തൊഴിൽ - വേതന സുരക്ഷയും, സംരക്ഷണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കടകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് വേതനം, മറ്റ് അലവൻസുകൾ, അവധികൾ, മറ്റുതരത്തിലുള്ള ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതു സംബന്ധിച്ച് ചട്ടങ്ങളോ നിയമങ്ങളോ നിലവിലുണ്ടോ; | (എ) നിലവിലുണ്ട്. മിനിമം വേതന നിയമ പ്രകാരവും ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് നിയമപ്രകാരവും അനുബന്ധ ചട്ടങ്ങളിലും ഇവരുടെ സേവന വേതന വ്യവസ്ഥകൾ ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) രാവിലെ വളരെ നേരത്തേയെത്തുകയും രാത്രി വളരെ വൈകി ജോലി ചെയ്യേണ്ടിവരികയും ചെയ്യുന്ന ഇവർക്കു ലഭിക്കുന്ന വേതനം വളരെ തുച്ഛമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ബി) ഇവർക്ക് നൽകേണ്ട മിനിമം വേതനം സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷനടക്കമുള്ള നിയമനടപടികൾ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ കൈക്കൊള്ളുന്നു. |
| (സി) ഇവർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) ഇവർക്ക് നൽകേണ്ട കുറഞ്ഞ കൂലി നിരക്കുകൾ 2009 ജൂലൈ 23- ലെ സർക്കാർ ഉത്തരവ് എം. എസ്. നമ്പർ. 100/2009/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് സർക്കാർ വെബ്സൈറ്റിൽ ലഭ്യമാണ്. |

| | |
|---|---|
| (ഡി) കച്ചവട - വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാരുടെ തൊഴിൽ - വേതന സുരക്ഷയും, സംരക്ഷണവും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) മിനിമം വേതന നിയമപ്രകാരവും ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് നിയമ പ്രകാരവും ക്രമീകരിച്ചിട്ടുള്ള ഇവരുടെ സേവന വേതന വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി അസിസ്റ്റൻറ് ലേബർ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് ഇൻസ്പെക്ഷനുകളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.